# ചരിത്രത്തിന്റെ മറുപുറം.....

**വിനിൻ പെരേര രചിച്ച The Other Side of History എന്ന ഗ്രന്ഥത്തിന്റെ അഞ്ചാം ഭാഗം**
**വിവർത്തകൻ: കെ.വി. ശിവപ്രസാദ്**

ഈ തെറ്റ് തിരുത്താൻ ബേഡൻ പവൽ ഒരു പുതിയ വനനിയമം തയ്യാറാക്കി. 1874ൽ വന്ന ഈ നിയമത്തോടെ ജനങ്ങൾക്ക് വനത്തിന്മേലുണ്ടായിരുന്ന എല്ലാ അവകാശങ്ങളും എടുത്തുകളഞ്ഞു. ഇത് വളരെ എളുപ്പമായിരുന്നു. ജനങ്ങൾക്ക് സത്യത്തിൽ വനത്തിന്മേൽ അങ്ങനെ 'അവകാശങ്ങളൊന്നും' ഇല്ല, 'ആനുകൂല്യങ്ങളേയുള്ളൂ' എന്ന ഒരു ചെറിയ പദപ്രയോഗം മാത്രമേ വേണ്ടിവന്നുള്ളൂ. അദ്ദേഹത്തിന്റെ വാക്കുകൾക്കനുസരിച്ച് 'ആനുകൂല്യങ്ങൾ' അതാത് കാലത്തെ ഭരണാധികാരികൾ അനുവദിക്കുന്ന 'സൗജന്യങ്ങ'ളാണ്.

എപ്പോൾ വേണമെങ്കിലും നിയന്ത്രിക്കാവുന്നതേയുള്ളൂ. അതിനായി ചിലപ്പോൾ നിയമവിധേയത്വത്തിന്റെ നേരിയ കുപ്പായം ഊരിക്കളയേണ്ടിയും വന്നു. അഗ്രേ എന്ന പേരുള്ള ഒരുദ്യോഗസ്ഥനിൽ നിന്നും സാധാരണ കാണാത്ത നിഷ്കളങ്കതകൊണ്ട് ഒരു പ്രസ്താവന വന്നിരുന്നു. "എല്ലാ അവകാശങ്ങളിലും വെച്ച് പരമമായത് കീഴടക്കാനുള്ള അവകാശമാണ്. ഇക്കാര്യത്തിൽ മാത്രം ഒരു മേൽക്കോടതിയുമില്ല".

1878ൽ കുറേക്കൂടി പരിഷ്കരിച്ച ഒരു വനനിയമം പാസ്സാക്കി. ഇതനുസരിച്ച് നായാട്ട്, വെടിവെപ്പ്, വെള്ളത്തിൽ നഞ്ചുകലക്കൽ, കൂടുകളോ കുടുക്കകളോ വെയ്ക്കൽ തുടങ്ങിയ നിയമലംഘനങ്ങൾക്കും പണ്ടേയുള്ള നിയമപ്രകാരമുള്ള കുറ്റങ്ങൾക്കും ആറുമാസത്തെ തടവോ അഞ്ഞൂറുരൂപിക പിഴയോ വ്യവസ്ഥ ചെയ്തിരുന്നു. അപ്പോൾ നമ്മുടെ ബേഡൻപവലോ? അദ്ദേഹം പറഞ്ഞതെന്തെന്നോ? "ഈ നിയമം നടപ്പിലാക്കണമെങ്കിൽ വാറണ്ടില്ലാതെ അറസ്റ്റു ചെയ്യാനുള്ള അധികാരം കൂടിയേ തീരൂ"

മദിരാശി സംസ്ഥാനം പിന്നേയും സംശയമുന്നയിച്ചു. "വനം എല്ലാക്കാലത്തും പൊതുസ്വത്തായിരുന്നു. ഈ നിയമം പാസ്സാക്കുകയാണെങ്കിൽ അത് വ്യാപകമായ അസംതൃപ്തിക്കിടയാക്കും. ജനങ്ങൾ വനസംരക്ഷണത്തിൽ തല്പരരല്ലാത്തതുകൊണ്ടല്ല. ബില്ലിന്റെ യഥാർത്ഥലക്ഷ്യം വനത്തിലും വനവിഭവങ്ങളിലും തരിശുനിലങ്ങളിലുമുള്ള ജനങ്ങളുടെ അവകാശങ്ങളുടെ അന്ത്യമാണെന്നും എല്ലാം സർക്കാർ ഉടമയിലാക്കണമെന്നും ജനം തിരിച്ചറിയും എന്നതുകൊണ്ടാണ്.

ഗ്രാമങ്ങളുടെ താല്പര്യം പരിഗണിക്കുകയാണെങ്കിൽ ഇതൊരു പിടിച്ചടക്കൽ നിയമമാണ്. പരിരക്ഷണനിയമമേയല്ല. പോലീസുകാർക്ക് കൊടുക്കുമെന്ന് പ്രതീക്ഷിക്കുന്ന അധികാരങ്ങൾ തന്നെ കൂടുതൽ ചർച്ചയർഹിക്കുന്നു. വാറണ്ടോ മറ്റുത്തരവുകളോ ഒന്നുമില്ലാതെ ഏതെങ്കിലും പോലീസുകാരന്റെ വകയായുള്ള അറസ്റ്റ് , അതും അറിയാതെ ഏതോ കാലത്ത് (രണ്ടുകൊല്ലം മുമ്പോ മറ്റോ) ചെയ്ത വനനിയമലംഘനത്തിന് - കാട്ടുതേനീച്ചയുടെ കൂട്ടിൽ നിന്ന് കുറച്ച് തേനെടുത്തു, മരുന്നിന് മരത്തിന്റെ അല്പം തൊലിചെത്തി അഥവാ ചത്തുവീണ ഒരു മൃഗത്തിന്റെ തോലെടുത്തു എന്നതൊക്കെയാവാം കുറ്റം".

ബ്രാൻറിസ് ഈ പ്രശ്നങ്ങളെയാകെ പെട്ടെന്നുതന്നെ മറികടന്നു. അത്തരമൊരു പൊതുസ്വത്തായ വനമില്ലെന്ന് തീർത്തുപറഞ്ഞു. "പൊതുസ്വത്താണീ വനമെന്നു കാണിക്കുന്ന ഒരൊറ്റ രേഖപോലും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല". വളരെ സൗകര്യപ്രദമായ ഈ കണ്ടെത്തലോടെ നിയമം സുഖമായി പാസ്സായി.

1864-69ൽ ഇന്ത്യൻ വനങ്ങളിൽ നിന്നാകെ വാർഷികനികുതിവരുമാനം 30 ലക്ഷം രൂപ ആയിരുന്നു. (30,74,000 ക.) 1937ൽ ഇത് മുന്നൂറു ലക്ഷമായി (3,00,19,000 ക.) 1944ൽ ഇത് ആയിരത്തി ഇരുന്നൂറു ലക്ഷമായി. (1,24,37,000,00).

വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് വിമാനനിർമ്മാണത്തിനുപയോഗിക്കാവുന്ന പീരങ്കി വാഹനങ്ങൾക്കുപറ്റിയ തോക്കിന്റെ ചട്ടനിർമ്മാണത്തിനുപകരിക്കുന്ന മരത്തടികളെക്കുറിച്ച് ഊർജ്ജം മുഴുവൻ ഉപയോഗിച്ച് ഗവേഷണം നടത്തി. എല്ലാം 'ഇന്ത്യയ്ക്കു വേണ്ടിയുള്ള 'സേവനങ്ങ'ളുമായിരുന്നു. 1914 മുതൽ 18 വരെ ലക്ഷക്കണക്കിന് ടൺ മരത്തടികളും തീറ്റപ്പുല്ലും ഇന്ത്യയിൽ നിന്നും യുദ്ധാവശ്യത്തിനായി കയറ്റിയയച്ചിട്ടുണ്ട്. ഇതിനുംപുറമെ ആയിരക്കണക്കിന് ഹെക്ടർ വനഭൂമി രണ്ടാം ലോകമഹായുദ്ധകാലത്ത് വെട്ടിവെളുപ്പിച്ചിരുന്നു.

വനസംരക്ഷണത്തിന്റെ പേരിൽ സാധാരണക്കാരൻ വനത്തിൽ പ്രവേശിക്കുന്നത് പോലും തടഞ്ഞപ്പോൾ ബ്രിട്ടീഷുകാർക്ക് വൻതോതിൽ വികസിപ്പിക്കാനായി പതിച്ചുകൊടുത്തിട്ടുണ്ട്. ആസ്സാമിലെ രീതികളെക്കുറിച്ച് ഒരെഴുത്തുകാരൻ രേഖപ്പെടുത്തിയത് നോക്കൂ.

1860 മുതൽതന്നെ തരിശുനിലങ്ങളെന്ന പേരിൽ ഈ പ്രത്യേക സൗജന്യങ്ങൾ ലളിതവ്യവസ്ഥകളോടെ പതിവായിരുന്നു. ആസ്സാമിൽ മാത്രം 2,00,000 ഏക്ര നിലം ചായത്തോട്ടങ്ങളായുണ്ട്. സിൽഹറ്റിലും കച്ചാറിലും ഇതുപോലെ തന്നെയുണ്ട്. എല്ലാം വെള്ളക്കാരുടെ കമ്പനികൾ. ഐക്യസംസ്ഥാനത്തിൽപ്പെട്ട ബസ്തി, ഗോരഖ്പൂർ ജില്ലകളിൽ ഉപയോഗപ്പെടാതെ കിടന്നിരുന്ന 6,00,000 ഏക്ര തരിശുനിലം തോട്ടമുണ്ടാക്കാനായി മുപ്പതുകളിൽത്തന്നെ കൊടുത്തിരുന്നു.

തരിശുഭൂമി ഉപയോഗ്യമാക്കുന്നതിനായി മൂലധനമുള്ള സ്ഥാപനങ്ങളെ ആകർഷിക്കുകയായിരുന്നുവത്രേ ഉദ്ദേശ്യം. ഒരു ബ്രിട്ടീഷ് ഭൂവുടമ തന്റെ തോട്ടത്തിലൂടെ 185 നാഴിക നീളത്തിൽ തോട് വെട്ടി. മറ്റൊരാൾ മൂന്നുനാഴിക നീളത്തിൽ സംരക്ഷണമതിൽ തീർത്തു. മൂന്നാമതൊരാൾ കിണറുകൾ കുഴിപ്പിച്ചു. കുളങ്ങളുണ്ടാക്കി. പാട്ടഭൂമിയിൽ ഗ്രാമങ്ങൾ പോലും നിർമ്മിച്ചവരുണ്ട്.

വനവിഭവങ്ങളെന്ന പേരിൽ ഇന്ത്യയെ ഇങ്ങനെ കൊള്ളയടിക്കുമ്പോൾ തന്നെ മറ്റുക്രമങ്ങളും നടന്നു. അതിന് പ്രത്യാഘാതങ്ങളുമുണ്ടായി. ഉദാഹരണമായി വിറകിന് നികുതി ചുമത്തിയത് ജീവിതച്ചെലവ് വളരെ വർദ്ധിപ്പിച്ചു. വനങ്ങളെ ആശ്രയിക്കുന്ന പല വ്യവസായങ്ങളും സാമ്പത്തികമായി പൊളിഞ്ഞു. ബ്രാൻറിസ് പറയുന്നത് നോക്കൂ - "ഓർമ്മ വെച്ച കാലംമുതലേ ഗ്രാമീണർ കാട്ടിൽ നിന്നും വിറക് സൗജന്യമായി ശേഖരിച്ചുവന്നിരുന്നു. ഇരുമ്പുരുക്കൽ, കരിമ്പിൻനീര് വറ്റിക്കൽ, നീലം വാറ്റൽ തുടങ്ങിയ വ്യവസായങ്ങളെ ഏതുവിധേനയും വളർത്തിയേ പറ്റൂ. അതിനും മരം വേണം. അതിനാൽ ദുരുപയോഗം തടഞ്ഞേ ഒക്കൂ. വിറകിന്മേൽ നികുതി ചുമത്തിയാൽ അതുപയോഗിക്കുന്നതിൽ ജനങ്ങൾ കൂടുതൽ ശ്രദ്ധിക്കുമെന്നതിൽ സംശയമേയില്ല."

*ശേഷം അടുത്ത ലക്കത്തിൽ*